പതിനഞ്ചാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
10-10-2024

സബ്മിഷൻ

ഒരേ വിഷയത്തിൽ ഒന്നിലധികം സബ്മിഷനുകൾ അനുവദിക്കുന്നത് സംബന്ധിച്ച്

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഓൺലൈൻ ബുക്കിങ് സംബന്ധിച്ച വിഷയത്തിൽ പ്രതിപക്ഷനേതാവ് അവതരിപ്പിച്ച സബ്മിഷന്റെ വിഷയം ഏതാനും ദിവസങ്ങൾക്കുശേഷം മറ്റൊരംഗത്തിന് സബ്മിഷനായി അനുവദിച്ചത് ചട്ടം 304 (2) (ii)-ന്റെ ലംഘനമാണെന്ന് 2024 ഒക്ടോബർ മാസം 10-ാംം തീയതി ശ്രദ്ധക്ഷണിക്കലിന് മുമ്പായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ക്രമപ്രശ്നമുന്നയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി[+].

ചട്ടം 304 പ്രകാരം 09-10-2024-ന് പ്രതിപക്ഷനേതാവ് അവതരിപ്പിച്ച സബ്മിഷന്റെ അതേ വിഷയത്തിൽ മറ്റൊരംഗം 15-10-2024-ന് വീണ്ടും സബ്മിഷൻ അവതരിപ്പിച്ചു. പൊതുസമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമെന്ന നിലയിൽ സദുദ്ദേശ്യത്തോടെയാണ് ഇത്തരമൊരു ഘട്ടത്തിൽ ചെയർ പ്രസ്തുത സബ്മിഷന് അനുമതി നൽകിയത്. സബ്മിഷന്റെ കാര്യത്തിൽ വളരെ ഉദാരമായ സമീപനമാണ് ഓരോ ഘട്ടത്തിലും ചെയർ സ്വീകരിച്ചിട്ടുള്ളത്. പക്ഷേ, നിയമസഭാ സെക്രട്ടേറിയറ്റിനെതിരെയും ചെയറിനെതിരെയും സഭയിൽ പ്രതിപക്ഷ നേതാവ് അനുചിതമായ പ്രസ്താവന നടത്തുകയും സഭയ്ക്ക് പുറത്തും ഇത്തരം പരാമർശങ്ങൾ ആവർത്തിക്കുകയുമുണ്ടായി. ഭാവിയിൽ പത്രസമ്മേളനങ്ങളിൽ ചെയറിനെതിരെ ഇത്തരം പരാമർശങ്ങൾ നടത്തുന്നരീതി ശരിയല്ലെന്ന

+.

കാര്യം ഈ ഘട്ടത്തിൽ ഓർമ്മപ്പെടുത്തുന്നു.